# അറിവിന്റെ ജനാധിപത്യവത്കരണം

**പാഠപുസ്തക** സംവാദത്തിൽ പങ്കെടുത്തവരുടെ വ്യത്യസ്ത നിലപാടുകളും അഭിപ്രായങ്ങളും വായിച്ചു (ലക്കം 8). വിദ്യാഭ്യാസത്തിന്റെ മൗലിക ധർമത്തെക്കുറിച്ചാണ് ആദ്യം ചർച്ച ചെയ്യേണ്ടത്.

വിദ്യാഭ്യാസത്തിന്റെ ഉള്ളറിയാതെ സംഘടിച്ച് ബഹളം വെക്കുന്ന സംഘടനകളുടെ കപട നാടകങ്ങളിൽനിന്ന് വിദ്യാർഥികളെ മോചിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആധ്യാത്മികവും ഭൗതികവുമായ അറിവുകളത്രയും മനുഷ്യരാശിയുടെ പൊതു സ്വത്താണ്. അവ കമ്പോളത്തിലെ വിൽപന ചരക്കാകാവതല്ല. വിദ്യാഭ്യാസം മനുഷ്യ മോചനത്തിന് എന്നതാവണം നമ്മുടെ ലക്ഷ്യം. മനുഷ്യരാശിയുടെ സർവോന്മുഖമായ പുരോഗതിക്കും വളർച്ചക്കും സഹായകമായ ഒന്നാവണം വിദ്യാഭ്യാസം.

ആധ്യാത്മികവും ഭൗതികവുമായ അറിവുകൾ പരസ്പരം പൂരകങ്ങളാകണം. മനുഷ്യ നന്മക്കുതകുന്ന എല്ലാ അറിവും ദൈവികമാണ്. അവ എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണ്. വരേണ്യ വർഗത്തിനായി വേലി കെട്ടിത്തിരിച്ച അറിവും കീഴാള വർഗത്തിനായി മാറ്റിവെച്ച അറിവും ഇല്ല. എല്ലാ മനുഷ്യരും തുല്യ അവകാശികളാണ്. മനുഷ്യർക്കിടയിൽ വിവേചനം കൽപിക്കുന്നതും മനുഷ്യ നന്മക്ക് ഉപകരിക്കാത്തതുമായ എല്ലാ അറിവും എതിർക്കപ്പെടേണ്ടതാണ്. അറിവ് വിവേകത്തിന്റെയും വിവേകം മാനവികതയുടെയും മുഖമുദ്രയാവണം.

**സിയാദ്**
**ഇസ്‌ലാമിയാ കോളേജ്, കൊല്ലം**

# ഇസ്‌ലാമിക പ്രസ്ഥാനം ജനകീയമാകണം

**കഴിഞ്ഞ** 3500 വർഷത്തെ മാനവചരിത്രം സൂക്ഷ്മ വിശകലനത്തിനുവിധേയമാക്കുകയാണെങ്കിൽ മനുഷ്യ ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ട മഹാനായ കർമയോഗിയാണ് പ്രവാചകൻ മുഹമ്മദ് നബിയെന്ന് നമുക്ക് ബോധ്യപ്പെടും. അദ്ദേഹത്തിന് അവതീർണമായ വിശുദ്ധ ഖുർആനിലൂടെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട ജനസമൂഹം 1400 വർഷങ്ങൾക്കു ശേഷം ഭൂഗോളത്തിലും മനുഷ്യ സമൂഹത്തിലും വലിയ വിശ്വാസ ശക്തിയായി വളർന്നു കഴിഞ്ഞിരിക്കുന്നു. പരമ കാരുണികനായ അല്ലാഹുവിന്റെ കാരുണ്യം കൊണ്ടു മാത്രമാണ് ഈ നേട്ടം കൈവരിക്കാനായത്. സത്യം സ്ഥാപിച്ചെടുക്കുക, സാമൂഹിക നീതിക്കു വേണ്ടി നിലകൊള്ളുക എന്ന ഇസ്‌ലാമിക സമൂഹത്തിന്റെ ബാധ്യത ശ്രമകരമായ ദൗത്യമാണ്.

ഇസ്‌ലാമിക സമൂഹം ആഗോള വ്യാപകമായി ഇന്ന് വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോക സമ്പത്ത് മുഴുവൻ വെട്ടിപ്പിടിച്ച് അധികാരത്തിന്റെയും പണത്തിന്റെയും സായുധ ശക്തിയുടെയും ശാസ്ത്ര സാങ്കേതിക മികവിന്റെയും പിൻബലത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന സാമ്രാജ്യത്വ-സയണിസ്റ്റ്- മതപൗരോഹിത്യ-വരേണ്യ വർഗ വാഴ്ച അവസാനിപ്പിക്കേണ്ടത് മാനവരാശിയുടെ നിലനിൽപിന്റെ പ്രശ്നമായി മാറിയിരിക്കുന്നു.

പ്രബോധന പ്രചാരണ രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തി ബഹുസ്വര സമൂഹത്തിൽ മുസ്‌ലിം സമൂഹത്തിന്റെ സ്വീകാര്യതയും അംഗീകാരവും വർധിപ്പിക്കേണ്ടതുണ്ട്. ഇസ്‌ലാമെന്നാൽ തീവ്രവാദവും ഭീകരതയുമാണെന്ന് സാധാരണ ജനം തെറ്റിദ്ധരിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ ആശയ-ആദർശങ്ങളുമായി അടുത്തിടപെടാനും വിശുദ്ധ ഖുർആന്റെ മഹത്വം മനസ്സിലാക്കുന്നതിനും ബഹുഭൂരിപക്ഷം സാധാരണ ജനങ്ങൾക്കും സാധിച്ചിട്ടില്ല. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അടിയന്തര പരിഗണനക്ക് വിഷയീഭവിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കുന്നു. പ്രത്യയശാസ്ത്രങ്ങൾക്കും ജാതി-മത ചിന്തകൾക്കും അതീതമായ ആശയ സംവാദവേദികൾ സൃഷ്ടിക്കണം.

ശാസ്ത്രീയ അടിത്തറയുള്ള, സ്വതന്ത്രമായ ചിന്താശക്തിയുള്ള, മൂല്യബോധമുള്ള യുവജന നേതൃത്വ നിരയെ വളർത്തിക്കൊണ്ടു വരണം. കക്ഷി, രാഷ്ട്രീയങ്ങൾക്കതീതമായി പൊതു സമൂഹത്തിൽ വേരോട്ടവും സ്വാധീനവുമുള്ള സാംസ്കാരിക സംഘടനകളുമായി യോജിക്കാവുന്ന മേഖലകളിൽ കൂട്ടായ പ്രവർത്തനങ്ങൾ നടത്തണം.

ഇസ്‌ലാമിക സംഘടനകളുടെ ഐക്യവേദി ദേശീയതലത്തിൽ രൂപീകരിക്കണം.

ആധുനിക മനുഷ്യൻ നേരിടുന്ന ഏതു വിഷയത്തിലും വിശുദ്ധ ഖുർആന്റെ ആശയങ്ങളിൽ നിന്നുകൊണ്ട് വ്യക്തമായ നിരൂപണങ്ങളും വിശദീകരണങ്ങളും പരിഹാര നിർദേശങ്ങളും ഉണ്ടാകണം.

**കെ. സി ജയിംസ് കാഞ്ഞിരപ്പള്ളി**

# ഇസ്‌ലാം യുക്തിചിന്തയെ പ്രോത്സാഹിപ്പിച്ച ദർശനം


**ആൾദൈവ-**ആത്മീയ വ്യവസായ വിവാദവും പാഠപുസ്തക വിവാദവും വീണ്ടും പഴയ ചർച്ചകൾക്ക് ജീവൻ നൽകിയിരിക്കുകയാണ്. മതം, ആത്മീയത, യുക്തി, ശാസ്ത്രം എന്നിവ പുനർവായനക്കും ചർച്ചകൾക്കും വിധേയമാക്കപ്പെടുകയാണ്.

വിശ്വാസിയെ സംബന്ധിച്ചേടത്തോളം അവന്റെ ഏറ്റവും വലിയ ബോധ്യം പ്രപഞ്ചനാഥന്റെ അസ്തിത്വമാണ്. അവന്റെ ഏറ്റവും വലിയ വികാരം ദൈവപ്രോക്തമായ മൂല്യങ്ങളോടുള്ള സ്നേഹമാണ്. അവനെ പ്രപഞ്ചത്തോട് അടുപ്പിക്കുന്നത് ആത്മീയതയാണ്. വിജ്ഞാനത്തിന്റെ പരമമായ ഉറവിടമായി അവൻ വിശ്വസിക്കുന്നത് ദിവ്യബോധനത്തിലൂടെ ലഭ്യമായ വിശുദ്ധ ഖുർആനും അതേ അടിത്തറയിൽ രൂപപ്പെട്ട പ്രവാചക ചര്യയുമാണ്.

ഈ വിഷയങ്ങളിൽ ശാസ്ത്രം ചിലപ്പോൾ വിശ്വാസിയോടൊപ്പം നിൽക്കുന്നില്ല. ചിലർ ശാസ്ത്രത്തിന്റെ പേരു പറഞ്ഞ് ദൈവത്തെയും മതത്തെയും നിഷേധിക്കുന്നു. മറ്റൊരു കൂട്ടർ ദൈവവിശ്വാസികളാണെങ്കിലും, പ്രപഞ്ചത്തെ വിശദീകരിക്കുന്നതിൽ ശാസ്ത്രത്തിന് ഒന്നാം സ്ഥാനം നല്കുകയും മതവിശ്വാസത്തെ ക്ഷമാപണ സ്വരത്തോടു കൂടി രണ്ടാം സ്ഥാനത്തു നിർത്തുകയും ചെയ്യുന്നു.

ഈ വസ്തുതകൾ നിരീക്ഷിക്കുന്ന ഏതൊരു വിശ്വാസിക്കും, ശാസ്ത്രത്തെ പ്രശ്നവത്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാവുന്നുണ്ട്. എന്നാൽ ശാസ്ത്രത്തെ എത്രത്തോളം പ്രശ്നവത്കരിക്കാം? ആൾദൈവങ്ങളെയും ആത്മീയ വ്യവസായങ്ങളെയും ന്യായീകരിക്കാൻ വേണ്ടി യുക്തിയെയും ശാസ്ത്രബോധത്തെയും തള്ളിപ്പറയുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന പ്രതിലോമപരമായ ഇന്നത്തെ സാഹചര്യത്തിൽ, വിശ്വാസി ഈ വിഷയത്തിൽ കൃത്യമായ നിലപാടെടുക്കേണ്ടതുണ്ട്. 'ആധുനിക ശാസ്ത്രത്തിന് അറിയാത്തത് പലതുമുണ്ട്' എന്ന വ്യാജേന ആൾദൈവാരാധന, ജ്യോതിഷം, വാസ്തു വിദ്യ, അത്ഭുത രോഗ ▶

## കത്തുകൾ



► ശാന്തി ശുശ്രൂഷ തുടങ്ങി വ്യാജ എയ്ഡ്സ് മരുന്നു വരെ വിറ്റഴിക്കപ്പെടുകയാണ്. ഫാഷിസത്തിന്റെയും അരാജകത്വത്തിന്റെയും പ്രത്യയശാസ്ത്രമായി മാറുകയാണിന്ന് യുക്തിനിഷേധം. യഥാർഥത്തിൽ ഇന്നും അന്ധവിശ്വാസങ്ങൾ തടയുന്നതിൽ ശാസ്ത്രബോധവും യുക്തിചിന്തയും ശക്തമായ പങ്കുവഹിക്കുന്നുണ്ട്. വേദപ്രമാണങ്ങളെപ്പോലെ മൂല്യത്തിന്റെയും സ്വത്വബോധത്തിന്റെയും ഉറവിടമാവാൻ കഴിയുന്നില്ലെങ്കിലും, പ്രപഞ്ചത്തിന്റെയും മനുഷ്യജീവിതത്തിന്റെയും അർഥം വിശദീകരിക്കാൻ അശക്തമാണെങ്കിലും, നമ്മുടെ ചുറ്റുപാടുകളെ യുക്തിപൂർവം നേരിടാൻ ശാസ്ത്രം സഹായിക്കുന്നുണ്ട്. വിവിധ തരം വഞ്ചനകളെ തിരിച്ചറിയാനുള്ള കണ്ണടയായും നേരിടാനുള്ള പരിചയായും ശാസ്ത്രത്തെ ഉപയോഗിക്കാനാവും. അളവുകൾ, തെളിവുകൾ, മാനദണ്ഡങ്ങൾ എന്നിവക്ക് ശാസ്ത്രം നൽകുന്ന പ്രാധാന്യം കാരണം ശാസ്ത്രീയ രീതികൾ മനുഷ്യജീവിതത്തിന് വ്യവസ്ഥാപിതത്വം നൽകുന്നു.

യുക്തിചിന്തയാണ് ശാസ്ത്രത്തിന്റെ അടിത്തറ. ഇസ്‌ലാമും യുക്തിചിന്തയെ അങ്ങേയറ്റം ആദരിക്കുന്നുണ്ട്. 'യുക്തിജ്ഞാനം ലഭിച്ചവർക്ക് മഹത്തായ സമ്പത്ത് ലഭ്യമായി' (2:269) എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. നബി(സ) പറഞ്ഞു: "യുക്തിയേക്കാൾ മികച്ച ഒരു സമ്മാനം അല്ലാഹു നൽകിയിട്ടില്ല" (ബുഖാരി). ഖുർആന്നും പ്രവാചകചര്യക്കും ശേഷം ഇസ്‌ലാം പ്രാധാന്യം നൽകുന്നത് യുക്തിക്കാണ്. മുആദുബ്നു ജബലിനെ യമനിലേക്ക് ഗവർണറായി നിയോഗിച്ചപ്പോൾ എങ്ങനെയാണ് അവിടെ ഭരണം നടത്തുക എന്ന് നബി അദ്ദേഹത്തോട് ചോദിച്ചു. 'ഖുർആൻ അനുസരിച്ച്'- മുആദ് മറുപടി പറഞ്ഞു. 'ഖുർആനിൽ വിധി കണ്ടില്ലെങ്കിലോ?'- നബി ചോദിച്ചു. 'നബിയുടെ മാതൃകയനുസരിച്ച്.' 'അവിടെയും കണ്ടില്ലെങ്കിലോ?' 'യുക്തിയനുസരിച്ച് അപഗ്രഥിച്ച് വിധി കണ്ടെത്തും'- മുആദിന്റെ മറുപടി. നബി മുആദിനെ അഭിനന്ദിച്ച് യാത്രയാക്കി.

ഈ നിലപാടു കാരണമാണ് ഇസ്‌ലാമിക സംസ്കാരത്തിൽ ശാസ്ത്രം പടർന്നു പന്തലിച്ചത്. ഗണിതം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിവ ഇന്നത്തെ രീതിയിൽ വികസിച്ചതിൽ മുസ്‌ലിം ശാസ്ത്രജ്ഞർക്ക് മഹത്തായ പങ്കുണ്ട്. 13-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ വൈദ്യശാസ്ത്രജ്ഞനായ അലാഉദ്ദീൻ അബുൽ ഹസൻ അലി ഇബ്നുൽ ഹസം, ഒപ്റ്റിക്സിൽ വിപുലമായ സംഭാവനകളർപ്പിച്ച ശിഹാബുദ്ദീൻ അൽഖിറാഫി, ജ്യോതിശാസ്ത്രത്തിന്റെ പിതാവെന്ന് പറയാവുന്ന അൽബിതുർജി, ആൽജിബ്രയുടെ ഉപജ്ഞാതാവും നൈട്രിക് ആസിഡ് കണ്ടുപിടിച്ചയാളുമായ ജാബിർ ബിൻ ഹയ്യാൻ, ഓഫ്താൽമോളജിയുടെ ആദ്യ പാഠങ്ങൾ ലോകത്തിനു നൽകിയ അലി ബിൻ ഈസ അൽ കഹ്ഹാൽ, രക്തചംക്രമണ വ്യവസ്ഥ കണ്ടെത്തിയ ഇബ്നുന്നഫീസ് തുടങ്ങിയ ഒട്ടനവധി ഉദാഹരണങ്ങൾ ഇസ്‌ലാമിക കാലഘട്ടത്തിലെ ശാസ്ത്രാഭിമുഖ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

തീവ്ര മതേതരത്വവും വ്യാജ ആത്മീയതയും ശാസ്ത്രത്തെക്കുറിച്ച് തീവ്രവും തെറ്റുമായ നിലപാടുകളെടുക്കുമ്പോൾ, ധാർമികബോധം, അന്തർജ്ഞാനം എന്നിവക്കു കൂടി സ്ഥാനമുള്ള തരം ശാസ്ത്രബോധം വികസിപ്പിച്ചെടുക്കാൻ വിശ്വാസി ശ്രമിക്കണം. വിശ്വാസിയുടെ ശാസ്ത്രബോധം യുക്തിവാദിയുടെ ശാസ്ത്രബോധമാവാൻ പാടില്ലാത്ത പോലെ, ഒക്കൾട്ട് രീതിക്കാരുടെ ശാസ്ത്രനിരാസമാവാനും പാടില്ല.

**ഹനീഫ് വളാഞ്ചേരി**

## ചുരുക്കെഴുത്ത്

**എ.ആർ** എഴുതിയ 'എല്ലാവരും ജയിച്ച കളിയിൽ തോറ്റത് ജനാധിപത്യം', റശീദുദ്ദീന്റെ 'കോഴപ്പണം, കിമ്പളം, കുതിരക്കച്ചവടം...', ഫൈസൽ കൊച്ചിയുടെ 'മുതലാളിത്ത ലോകത്തിന്റെ ഭാവി' എന്നീ ലേഖനങ്ങളെല്ലാം (ലക്കം 9) നന്നായി. ചില കാര്യങ്ങളോട് യോജിപ്പില്ലെങ്കിലും ലേഖകർ അവരവരുടെ അഭിപ്രായങ്ങൾ തികഞ്ഞ ആത്മാർഥതയോടും യുക്തിയോടും കൂടി അവതരിപ്പിച്ചിട്ടുണ്ട്. മുഖക്കുറിപ്പും നന്നായി. നിലവാരം തുടർന്നും നിലനിർത്തണം.

**അഡ്വ. വി.പി.ജി നമ്പ്യാർ**
**കൂത്തുപറമ്പ്**

## ഉപനിഷത്തുകളിലെ ആത്മാവ്

**അബുൽ** ഹസന്റെ 'ആത്മാവിന്റെ അവസ്ഥാന്തരങ്ങൾ' (ലക്കം 10) വായിച്ചപ്പോൾ ഓർമയിലെത്തിയ ഉപനിഷത്ത് സൂക്തങ്ങളാണ് ഈ കുറിപ്പിന്നാധാരം.

"ഈ ശരീരത്തെ ഒരു തേരായിട്ടും ആത്മാവിനെ ആ തേരിന്റെ ഉടമസ്ഥനായിട്ടും അറിയുക. ബുദ്ധിയെ തേരാളിയായിട്ടും മനസ്സിനെ അതിലെ കുതിരകളെ നിയന്ത്രിക്കാനുള്ള കടിഞ്ഞാണായിട്ടും അറിയണം. ഇന്ദ്രിയങ്ങൾ തന്നെയാണ് കുതിരകൾ. രൂപം, രസം, ഗന്ധം മുതലായ വിഷയങ്ങളാണ് ആ കുതിരകൾക്ക് പോകാനുള്ള മാർഗങ്ങൾ. ശരീരത്തോടും ഇന്ദ്രിയങ്ങളോടും മനസ്സിനോടും കൂടിയ ആത്മാവ് തന്നെയാണ് കർമഫലങ്ങളനുഭവിക്കുന്ന സംസാരിയായ ജീവൻ" (കഠോപനിഷത്ത്)

"മനസ്സിനെ നിയന്ത്രിക്കാതെ വിവേകരഹിതനായി വർത്തിക്കുന്ന ഒരാൾക്ക് ഇന്ദ്രിയങ്ങൾ സ്വാധീനമായിരിക്കുകയില്ല, തേരിനു കെട്ടി പഴകാത്ത കുതിരകൾ ഒരു തേരാളിക്ക് കീഴടങ്ങാത്തതുപോലെ" (കഠോപനിഷത്ത്).

"ഒരു തേരിൽ സാരഥി വിവേകത്തോടുകൂടി നല്ല വണ്ണം ആലോചിച്ചു പ്രവർത്തിക്കുകയും കടിഞ്ഞാൺ ശരിക്ക് നിയന്ത്രിക്കുകയും ചെയ്യുന്നില്ലെങ്കിൽ വിറളി പിടിച്ച കുതിരകൾ ഒരിക്കലും അനുസരണയോടുകൂടി പെരുമാറുകയില്ലല്ലോ. അതുപോലെ തന്നെ ബുദ്ധിയാകുന്ന സാരഥി വിവേകപൂർവം പ്രവർത്തിക്കുകയും മനസ്സാകുന്ന കടിഞ്ഞാണിനെ ശരിക്ക് നിയന്ത്രിക്കുകയും ചെയ്യുന്നില്ലെങ്കിൽ ബഹിർമുഖങ്ങളും പ്രമാഥികളുമായ, ഇന്ദ്രിയാശ്വങ്ങളെ നിയന്ത്രിക്കാനും നേരായ മാർഗത്തിലൂടെ നയിക്കാനും ഒരിക്കലും സാധിക്കുകയില്ല" (മൂഢാനന്ദ സ്വാമി).

കർമഫലം അനുഭവിക്കേണ്ടത് പരലോകത്താണെന്നു കഠോപനിഷത്തിൽ വ്യക്തമാക്കുന്നു.

'നധാം പരായഃ പ്രതിഭാതിബാലം
പ്രവാദ്യന്തം വിത്ത മോഹനമൂഢം
അയം ലോകോനാസ്തിപര ഇതിമാനീ
പുനഃപുനർവശ മാപത്യതേ മേഃ'

ഐശ്വര്യമോഹത്താൽ വിവേചനശക്തിയില്ലാതായവരും പ്രമാദം പറ്റുന്നവരുമായ അജ്ഞന്മാർക്ക് പരലോകം പ്രാപിക്കാനുള്ള സാധനകളെ പറ്റിയൊന്നും അറിയുകയില്ല. ഈ ലോകം മാത്രമേയുള്ളൂ പരലോകമില്ല എന്നുവിചാരിക്കുന്ന അവർ വീണ്ടും വീണ്ടും എന്റെ അധീനത്തിലേക്കു തന്നെ വരുന്നു (മൂഢാനന്ദ സ്വാമി).

**സി. കുഞ്ഞിമുഹമ്മദ്**
**കുറ്റാളൂർ, വേങ്ങര**

## ഒരു സ്ത്രീപക്ഷ വായന

**'മൂല്യങ്ങളേ** മാറിനിൽക്കൂ, വാടക മാതൃത്വം മുന്നോട്ട്' എന്ന കവർസ്റ്റോറിയാണ് (2008 ജൂലൈ 12) ഈ കത്തിന്നാധാരം. സമകാലിക പ്രാധാന്യമുള്ള, ശക്തമായി പ്രതികരിക്കേണ്ട വിഷയം തന്നെയാണിത്. അതിലെ ഒരു പരാമർശത്തോടാണ് വിയോജിപ്പ്. വന്ധ്യതയുടെ കാരണം ഭാര്യക്കാണെങ്കിൽ, ഭർത്താവിന് മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കാവുന്നതാണ്.

ഇസ്‌ലാം ഭർത്താവിന് നൽകിയ അതേ അവകാശം -ബലഹീനനായ ഭർത്താവിനെ ഫസ്ഖ് ചെയ്യുന്നതുൾപ്പെടെ- ഭാര്യക്കും നൽകിയിട്ടില്ലേ? അതിന് ഒരു പാട് ഹദീസുകൾ തെളിവായും ഉദ്ധരിക്കാൻ കഴിയും. ഈ വശം പറയാതിരിക്കുന്നത് ഇസ്‌ലാമിനെ പഠിക്കുന്നവർക്ക് തെറ്റിദ്ധാരണയുണ്ടാക്കുമെന്ന് ഉണർത്തട്ടെ.

ഇസ്‌ലാം സ്ത്രീവിരുദ്ധമാണെന്ന് പരക്കെ പ്രചരിപ്പിക്കപ്പെടുന്ന ഇക്കാലത്ത് ഇത്തരം ഏകപക്ഷീയ പരാമർശങ്ങൾ വന്നുപോകുന്നത് സൂക്ഷിക്കേണ്ടതല്ലേ?

**ഡോ. സെൻസി അബൂബക്കർ**
**ആർ.ഇ.സി**